ചോല ചോരയാവുന്ന, അല്ലെങ്കിൽ ചോര ചോലയാവുന്ന സനൽകുമാർ ശശിധരൻ ചിത്രം. ഒഴിവു ദിവസത്തെ കളിക്കും എസ് ദുർഗയ്ക്കും ഒപ്പം നിർത്താവുന്ന ചിത്രം.

ജോജുവും നിമിഷയും അഖിൽ വിശ്വനാഥനുമാണ് അഭിനേതാക്കൾ. നമുക്ക് അന്യമായ കഥയും പരിസരങ്ങളുമല്ല, മറിച്ച് പൊടിപ്പും തൊങ്ങലും ചേർത്ത പത്രവാർത്തകളായും ചാനൽ ഫ്ലാഷുകളായും ലൈവ്കളായും മിന്നിമാഞ്ഞ സംഭവങ്ങളുടെ ഇഴ കീറിയുള്ള പരിശോധന. നീതിപീഠം അടക്കം സാമാന്യ നീതി എന്നൊന്നിനെ പാടെ തകർത്തെറിഞ്ഞു ചോദിച്ച ആ ചോദ്യം ' ഇരയെന്തു കൊണ്ട് രക്ഷപെടാൻ നോക്കിയില്ല ? ഉത്തരം ചോലയിലുണ്ട്.

ശബ്ദ സാന്നിധ്യം സമ്പൂർണമാക്കി kpac ലളിത ആകാരവും സൂക്ഷ്മ നടനവുമായി ജോജു ജോർജ് അസാമാന്യ അഭിനയ പ്രകടനവുമായി നിമിഷ സജയൻ പുതുമുഖ പ്രതിഭ അഖിൽ സംഭാഷണം ഇല്ലാതെ ഡബ്ബിങ് വിസ്മയം തീർക്കുന്നു നിമിഷ. മൂന്നുപേരുടെയും ശാരീരികാധ്വാനം പ്രത്യേകം എടുത്തു പറയേണ്ടിയിരിക്കുന്നു. ഭയം, നിസ്സഹായാവസ്ഥ പ്രേക്ഷകനിലേക്കു സന്നിവേശിപ്പിക്കുന്നതിൽ നൂറുശതമാനം കയ്യടക്കം കിട്ടിയിരിക്കുന്നു സംവിധായകനും, ഛായാഗ്രാഹകനും, പശ്ചാത്തല സംഗീതകനും, അഭിനേതാക്കളും എല്ലാം. മൾട്ടിപ്ളെക്സിലെ കുളിരുള്ള പതുപതുത്ത സോഫയിലും അസ്വസ്ഥതയോടെ കണ്ടിരിക്കേണ്ട സിനിമയാണ്, ചോല. അസ്വസ്ഥതകളെ അവിടെ ഉപേക്ഷിച്ചു പോകാമെന്നും കരുതേണ്ട അത് നമ്മോടൊപ്പം കൂടെത്തന്നെ പോരും. കാണേണ്ട ചിത്രമാണ് ചോല

റിവ്യൂ: Sasi Dharan